## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **25-06-2024 - ൽ മറുപടിയ്ക്ക്**

## കടൽ മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ സചിത്ര ഡാറ്റാബേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ തീര മേഖലയിലെ കടൽ മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ സചിത്ര ഡാറ്റാബേസ് പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നടപടി ആരംഭിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. രാജ്യത്തിന്റെ തീര മേഖലയിലെ കടൽ മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ സചിത്ര ഡാറ്റാബേസ് പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനം (ഐ.സി.എ.ആർ - സി.എം.എഫ്.ആർ.ഐ.) നടപടി സ്വീകരിച്ചു വരുന്നു.<br>ഐ.സി.എ.ആർ - സി.എം.എഫ്. ആർ.ഐ. അടുത്തിടെ പുറത്തിറക്കിയ 'MARLIN@CMFRI' ആപ്പ് മുഖാന്തിരം ഇന്ത്യൻ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ (EEZ) പിടിക്കപ്പെട്ട കടൽ മത്സ്യ ഇനങ്ങളുടെ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാൻ പൊതുജനങ്ങൾക്ക് ഒരു വേദി നൽകുന്നു. |
| (ബി) | എങ്കിൽ ഇന്ത്യയുടെ തീരങ്ങളിലെ മത്സ്യ ആവാസവ്യവസ്ഥകളെ സംബന്ധിച്ച സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് ഈ ഉദ്യമം ലക്ഷ്യമിടുന്നുണ്ടോ എന്നറിയിക്കുമോ; | (ബി) | നിലവിൽ 'MARLIN @CMFRI' ആപ്പ് വഴി സൃഷ്ടിച്ച വിഷ്വൽ റിപ്പോസിറ്ററി മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നില്ല |
| (സി) | പ്രസ്തുത സ്ഥാപനം നടത്തുന്ന ഇത്തരം ഗവേഷണ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | കടൽ മത്സ്യ ലാൻഡിംഗ് വിവര ശേഖരണത്തിൽ കേരള സംസ്ഥാനം ഐ.സി.എ.ആർ - സി.എം.എഫ്. ആർ.ഐ. യുമായി സഹകരിക്കുന്നുണ്ട്. |
| (ഡി) | പൊതുജനങ്ങൾക്ക് കടൽ മത്സ്യങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പൊതുജനങ്ങൾക്ക് കടൽ മത്സ്യങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പ് രൂപകല്പന ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ